# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1037

10.02.2016-ൽ മറുപടിക്ക്

## മാലിന്യമുക്ത ടൂറിസ്റ്റ് കേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.എൻ.എ.ഖാദർ | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ മാലിന്യ കേന്ദ്രങ്ങളായി മാറുന്നുവെന്ന തരത്തിലുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ചില പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ബി) വിദേശികൾ ഉൾപ്പെടുന്ന സംഘം കോവളം തീരത്തെ മാലിന്യം നീക്കം ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) ടൂറിസ്റ്റ് കേന്ദ്രങ്ങൾ മാലിന്യനിക്ഷേപ കേന്ദ്രങ്ങളായി മാറുന്നത് സംസ്ഥാനത്തെ വിനോദസഞ്ചാരത്തെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിനോദ സഞ്ചാര മേഖലയെ മാലിന്യമുക്തമാക്കുന്നതിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ; | (സി) ഇല്ല. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പുവരുത്തുന്നതിന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം കുടുംബശ്രീയുമായി സഹകരിച്ച് "Clean Destination Campaign" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കോവളം, മൂന്നാർ, കുമ്പളങ്ങി പഞ്ചായത്ത്, വർക്കല എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിവിധ N.G.O കളുമായി സഹകരിച്ച് കൊണ്ടുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടത്തിവരുന്നു. കൂടാതെ ആലപ്പുഴ, കുമരകം എന്നിവിടങ്ങളിലെ കായലോര ജലാശയങ്ങളിലെ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ഡി) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പുനരുപയോഗം സാധ്യമല്ലാത്ത വസ്തുക്കളുടെ വ്യാപാരവും വിപണനവും ഉപയോഗവും നിയന്ത്രിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

Anuradha

സെക്ഷൻ ഓഫീസർ